# കേരള സർവകലാശാല

നം.പി.ആർ.264/2018 ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### പരീക്ഷ മാറ്റി

വിദൂരവിദ്യാഭ്യാസകേന്ദ്രം ഡിസംബർ 11 ന് ആരംഭിക്കാനിരുന്ന രണ്ടാം സെമസ്റ്റർ എം.കോം. പരീക്ഷകൾ 2019 ജനുവരിയിലേക്ക് മാറ്റി. പുതുക്കിയ ടൈംടേബിൾ പിന്നീട് അറിയിക്കും.

### പ്രാക്ടിക്കൽ

വിദൂരവിദ്യാഭ്യാസകേന്ദ്രം ഒക്ടോബറിൽ നടത്തിയ ഒന്നും രണ്ടും വർഷ ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്/ബി.സി.എ ആന്വൽ സ്കീം സപ്ലിമെന്ററി ഓൾഡ് സ്കീം (2013 ന് മുമ്പുള്ള അഡ്മിഷനുകൾ), ന്യൂ സ്കീം (2013 മുതലുള്ള അഡ്മിഷനുകൾ), മേഴ്സി ചാൻസ് പരീക്ഷകളുടെ പ്രക്ടിക്കൽ ഡിസംബർ 11, 12, 13 തീയതികളിൽ പാളയം വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിൽ നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പഠനസാമഗ്രികൾ കൈപ്പറ്റണം

വിദൂരവിദ്യാഭ്യാസകേന്ദ്രത്തിന് കീഴിലുള്ള രണ്ടാം സെമസ്റ്റർ എം.കോം. (2017 അഡ്മിഷൻ) വിദ്യാർത്ഥികൾ പഠനസാമഗ്രികൾ പാളയം വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിൽ നിന്നും കൈപ്പറ്റണം.

### കെ മാറ്റ് പരീക്ഷ

കേരളത്തിലെ എല്ലാ സർവകലാശാലകളിലേക്കും, സർവകലാശാലകളുടെ കീഴിലുള്ള കോളേജുകളിലേക്കും എം.ബി.എ. പ്രവേശനത്തിന് അർഹത നേടുന്നതിനുള്ള പ്രവേശന പരീക്ഷയായ കെ മാറ്റ് കേരള, 2019 ഫെബ്രുവരി 17 ന് നടത്തുന്നു. അപേക്ഷകൾ 2019 ജനുവരി 31 വൈകുന്നേരം 5 മണി വരെ ഓൺലൈനായി സമർപ്പിക്കാം. അവസാനവർഷ ബിരുദ വിദ്യാർത്ഥികൾക്കും പരീക്ഷാഫലം പ്രതീക്ഷിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് kmatkerala.in/ 0471–2335133, 8547255133 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## ഉപന്യാസ മൽസരം

നാലാമത് അന്തർ ദേശീയ കേരള ഹിസ്റ്ററി കോൺഗ്രസിനോടനുബന്ധിച്ച് 2018 ഡിസംബർ 20, 21, 22 തീയതികളിൽ കാര്യവട്ടം ക്യാമ്പസിൽ കോളേജ്, സർവകലാശാല വിദ്യാർത്ഥികൾക്കായി നടക്കുന്ന 'സാമൂഹിക പരിഷ്കരണവും ആധുനിക കേരളവും : പ്രസക്തിയും പ്രശ്നങ്ങളും' എന്ന വിഷയത്തിൽ നടത്തുന്ന ഉപന്യാസ മൽസരത്തിൽ പങ്കെടുക്കുന്നതിന് കേരളത്തിലെ ഡിഗ്രി, പി.ജി. വിദ്യാർത്ഥികളിൽ നിന്നും എൻട്രികൾ ക്ഷണിക്കുന്നു. പത്ത് പുറത്തിൽ കവിയാത്ത മലയാളത്തിൽ തയ്യാറാക്കിയ പ്രബന്ധം മേലധികാരിയുടെ സാക്ഷ്യപത്രത്തോടെ ഡിസംബർ 15 ന് മുമ്പായി കൺവീനർ, കേരള ഹിസ്റ്ററി കോൺഗ്രസ്, കാര്യവട്ടം ക്യാമ്പസ്, തിരുവനന്തപുരം – 695581 എന്ന വിലാസത്തിൽ ലഭിക്കണം.

## ക്വിസ് മൽസരം

ഡെമോഗ്രഫി പഠനവകുപ്പിൽ ജനസംഖ്യയെയും അനുബന്ധ വിഷയങ്ങളെയും അധികരിച്ച് ഡിസംബർ 15 ന് രാവിലെ 10 മണിക്ക് ഡോ. രാമകുമാർ സ്മാരക ക്വിസ് മൽസരം നടത്തുന്നു. വിജയികൾക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റുകളും ഡോ. രാമകുമാർ സ്മാരക എവർ റോളിംഗ് ട്രോഫിയും സമ്മാനമായി ലഭിക്കും. കേരളത്തിലെ കോളേജുകളിൽ നിന്നും ബിരുദ വിദ്യാർത്ഥികളായ രണ്ടു പേരുള്ള ഓരോ ടീമിന് പങ്കെടുക്കാം. താൽപര്യമുള്ളവർ ഡിസംബർ 12 ന് മുമ്പായി demographyku@gmail.com എന്ന ഇ-മെയിലിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഡിസംബർ 15 ന് രാവിലെ 9.30 മണിക്ക് തിരിച്ചറിയൽ കാർഡും പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രവുമായി ഡെമോഗ്രഫി പഠനവകുപ്പിൽ ഹാജരാകണം.

തിരുവനന്തപുരം.
04.12.2018

പബ്ലിക് റിലേഷൻസ് ഓഫീസർ